**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **16-03-2022 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കാൻ പോലീസ് സേനയ്ക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ വിശദമാക്കാമോ; | (എ) | കേരളാ പോലീസിൽ സൈബർ കുറ്റകൃത്യം തടയുന്നതിനായി നിലവിൽ, 19 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, 14 ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും, റിപ്പോർട്ടാകുന്ന കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനുള്ള മികവ് നേടുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ധ പരിശീലനം നൽകുകയും ചെയ്തു വരുന്നു. പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുകയും ചെയ്യുന്നു. സൈബർ ഭീഷണികൾക്കെതിരായ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനും സേനയുടെ സൈബർ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമായി സംസ്ഥാനത്തുടനീളമുള്ള 12,000 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയുണ്ടായി. ഇവരുടെ സേവനം സൈബർ ക്രൈം കേസുകളുടെ അന്വേഷണത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്തിവരുന്നു. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തുന്ന കേസുകളിൽ സൈബർ തെളിവുകൾ സൈബർ സാങ്കേതിക വിദ്യ, ഫോറൻസിക് ടൂളുകൾ എന്നിവ ഉപയോഗിച്ച് കണ്ടെത്തുന്നതിനും കേസ് അന്വേഷണത്തിന് സഹായങ്ങൾ നൽകുന്നതിനും പോലീസ് ആസ്ഥാനത്ത് ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് 19 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചു വരുന്നു. 3 സൈബർ ഡോമുകൾ, ഹൈടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. പുതിയ കാലഘട്ടത്തിൽ സുരക്ഷാ ഭീഷണി ഉണ്ടാക്കുന്ന ഡ്രോണുകളുടെ സാങ്കേതിക വിദ്യകൾ പഠിക്കുന്നതിനും ഫോറൻസിക് അനാലിസിസ് നടത്തുന്നതിനുമായി ഡ്രോൺ ഫോറൻസിക് ലാബ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാന പോലീസിന് ദേശീയ തലത്തിൽ പരിശീലനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | (ബി) | ഉണ്ട്. സംസ്ഥാന പോലീസിലെ ഉദ്യോഗസ്ഥർക്ക് ദേശീയ തലത്തിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഇതിനായി ന്യൂഡൽഹിയിലെ NCRB, BPR&D, I4C (Indian Cyber Crime Forensic Centre) മേഘാലയയിലെ NEPA, ഭോപാലിലെ CAPT, ഹൈദ്രാബാദിലെ CDTI, SVPNPA എന്നീ സ്ഥാപനങ്ങൾ മുഖേന വിവിധ സൈബർ വിഷയങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) | സൈബർ വിദഗ്ദ്ധരെ സംസ്ഥാന പോലീസ് അക്കാഡമിയിൽ എത്തിച്ച് പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ; | (സി) | സൈബർ പോലീസ് സ്റ്റേഷൻ, മറ്റ് പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർക്ക് കേരളാ പോലീസ് അക്കാഡമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ വച്ച് സൈബർ വിഷയങ്ങളിൽ വിദഗ്ദ്ധരായവരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നുണ്ട്. |
| (ഡി) | സൈബർ സാങ്കേതിക വിദഗ്ദ്ധരുടെ ക്ഷാമം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഐ.ടി. വിദഗ്ദ്ധരെ പോലീസ് സേനയിലേക്ക് വിന്യസിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സൈബർ സാങ്കേതിക വിദഗ്ദ്ധരുടെ ക്ഷാമം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സൈബർ കുറ്റാന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. ഐ.ടി. വിദഗ്ദ്ധരെ പോലീസ് സേനയിൽ വിന്യസിക്കുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ